:ഭരണഭാഷ മാതൃഭാഷ:

# ജനറൽ ആശുപത്രി, പത്തനംതിട്ട

പത്തനംതിട്ട.പി.ഒ., പിൻ - 689 645, ഫോൺ നമ്പർ - 04682222364, 9497713258

ഇ-മെയിൽ - ghpathanamthitta@gmail.com

എ5(എ1)-3656/23 തീയതി.04.09.2023

## ടെൻഡർ/ലേല പരസ്യം

വിഷയം- പത്തനംതിട്ട ജനറൽ ആശുപത്രി- കാഷ്വാലിറ്റി കെട്ടിടം പൊളിച്ച് മാറ്റൽ-ടെൻഡർ/ലേല നടപടി.

പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കാഷ്വാലിറ്റി കെട്ടിടം പൊളിച്ചു നീക്കുന്നതിനും മണ്ണൊഴികെയുള്ള കെട്ടിട അവശിഷ്ടങ്ങൾ എടുത്തു മാറ്റി കൊണ്ടു പോകുന്നതിന് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പരസ്യ ലേലവും ടെൻഡറും നടത്തുന്നു.

ടെൻഡർ ഫോം 08.09.2023 മുതൽ നൽകുന്നതും ടെൻഡർ സ്വീകരിക്കുന്ന തീയതി 25.09.2023 രാവിലെ 11 മണി വരെയാകുന്നു. 25.09.2023 തീയതി ഉച്ചയ്ക്ക് 2 മണിക്ക് ലേലവും ടെൻഡറും നടത്തുന്നതാണ്. ടെൻഡർ ഫോമിന്റെ വിലയോടൊപ്പം 18% ജി.എസ്.റ്റി യും അടയ്ക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ പത്തനംതിട്ട ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന 5000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ലേല ദിവസം 25.09.2023 രാവിലെ 11 മണിക്ക് ഓഫീസിൽ ഹാജരാക്കി ടോക്കൺ കൈപ്പറ്റേണ്ടതാണ്. രാവിലെ 11.30 ക്ക് ശേഷം ഡി.ഡി സമർപ്പണം അനുവദിക്കുന്നതല്ല. ടോക്കൺ കൈപ്പറ്റിയവർക്ക് മാത്രമേ ലേലഹാളിൽ പ്രവേശനം അനുവദിക്കുകയുള്ളു.

ഏറ്റവും ഉയർന്ന തുക ലേലം/ടെൻഡർ സമർപ്പിക്കുന്ന വ്യക്തി അന്ന് തന്നെ വിളിച്ച തുകയുടെ പകുതി തുക ഓഫീസിൽ അടയ്ക്കേണ്ടതും അന്തിമ അനുമതി കത്ത് ലഭിയ്ക്കുന്ന മുറയ്ക്ക്, നിശ്ചിത സമയത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 18% ജി.എസ്.റ്റി തുകയും അടയ്ക്കേണ്ടതുമാകുന്നു. ലേല ദിവസം, ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാരുടെ നിരതദ്രവ്യം ഒഴികെ ബാക്കിയുള്ളവരുടെ തുക തിരികെ കൈപ്പറ്റേണ്ടതാണ്. ലേല നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ ടെൻഡർ തുറക്കുകയുള്ളു.

ലേലം/ടെൻഡർ ഉറപ്പിച്ച് ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി മേൽ കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 30 പ്രവർത്തി ദിവസത്തിനകം പൂർത്തിയാക്കുന്നതാണെന്നും ടി പ്രവർത്തനങ്ങൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ ചെയ്തു കൊള്ളാമെന്നും കാണിച്ചു കൊണ്ട് സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പടേണ്ടതുമാണ്. വിശദ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. ലേലം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം പത്തനംതിട്ട ജനറൽ ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
2. സൂപ്രണ്ടിന്റെ രേഖാ മൂലമുള്ള അറിയിപ്പ് ലഭിച്ചതിന് ശേഷം മാത്രമേ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ പാടുള്ളു. നിശ്ചിത സമയത്തിനകം കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് കരാർ വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടു കെട്ടുന്നതാണ്.
3. പൊളിച്ചുമാറ്റുമ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് കേടുപാട്, ആശുപത്രി സ്ഥാവരജംഗമ വസ്തുക്കൾക്ക് നാശം, രോഗികൾക്കോ മറ്റ് പൊതു ജനങ്ങൾക്കോ ഏതെങ്കിലും തരത്തിലുള്ള നാശ നഷ്ടം എന്നിവ ഉണ്ടായാൽ നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കുന്നത് ആയിരിക്കും.
4. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകാത്ത വിധത്തിൽ പൊളിക്കൽ ആധുനിക സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ്.
5. പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ലേലം/ടെൻഡർ അംഗീകാരം ലഭിച്ച വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സൈറ്റ് ക്ലിയർ ആക്കി തരേണ്ടതാണ്.

GENERAL HOSPITAL PATHANAMTHITTA

സൂപ്രണ്ട്

പകർപ്പ്

6. നോട്ടീസ് ബോർഡ്, കളക്ട്രേറ്റ്, പത്തനംതിട്ട
7. നോട്ടീസ് ബോർഡ്,ജില്ലാ മെഡിക്കൽ ഓഫീസ് പത്തനംതിട്ട
8. നോട്ടീസ് ബോർഡ് മിനി സിവിൽ സ്റ്റേഷൻ,
9. മുനിസിപ്പാലിറ്റി, പത്തനംതിട്ട
10. സഞ്ചയം/കരുതൽ